LIBRARY ARCHIVES Kerala Legislative Assembly

ത്രിതല പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുള്ള പദ്ധതി തുക

95 [5240] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകൾക്ക് 2003-04 വർഷത്തിൽ സർക്കാർ ഒന്നാം ഗഡുവായി അനുവദിച്ചിട്ടുള്ള പദ്ധതി തുക എത്രയാണ്;

(ബി) പ്രസ്തുത പദ്ധതി തുക തിരിച്ചുപിടിക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(ഡി) കേരള വികസന പദ്ധതിയിൽ അധികാര വികേന്ദ്രീകരണവും വികേന്ദ്രീകൃതാസൂത്രണവും ലക്ഷ്യമാക്കുന്നുണ്ടോ;

(ഇ) എങ്കിൽ പദ്ധതി തുക പിൻവലിക്കുന്ന നടപടി റദ്ദാക്കുമോ?

ഉത്തരം

(എ) ഏപ്രിൽ, മേയ്, ജൂൺ, ജൂലൈ മാസങ്ങളിലെ 4 ഗഡുക്കളായി 439 കോടി രൂപ നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) ഉണ്ട്.

(ഇ) പദ്ധതി തുക പിൻവലിച്ചിട്ടില്ല.

മുൻ സാമ്പത്തിക വർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബഡ്ജറ്റിൽ വിഭാവനം ചെയ്ത തുക

96 [5241] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസാമ്പത്തികവർഷം സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തുതുക നൽകുമെന്നാണ് ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം ഘട്ടങ്ങളിലായി എത്ര തുക വീതം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയുണ്ടായി;

(സി) ട്രഷറി നിയന്ത്രണങ്ങളുടേയും മറ്റും പേരിൽ മുൻസാമ്പത്തിക വർഷം കൈമാറിയ തുകയിൽ ചെലവഴിക്കാൻ കഴിയാതായ തുക മൊത്തം എത്ര കോടിയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഫിനാൻസ് (ബഡ്ജറ്റ്) ഡിപ്പാർട്ടുമെന്റിന്റെ ജി.ഒ. (പി) നമ്പർ 381/2003/ഫിൻ., തീയതി 9-7-2003 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മൊത്തം എന്തുതുക തിരികെ ഈടാക്കുകയുണ്ടായെന്ന് വെളിപ്പെടുത്താമോ;

(ഇ) നിർവ്വഹണ ഉദ്യോഗസ്ഥൻമാരുടെ പി. ഡി. അക്കൗണ്ടുകൾ നിർത്തലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് വിശദമാക്കുമോ?

ഉത്തരം

(എ) 1342 കോടി രൂപ.

(ബി) 335.50 കോടി രൂപയുടെ മൂന്ന് തുല്യ ഗഡുക്കളായി മൊത്തം 1006.50 കോടി രൂപ നൽകിയിട്ടുണ്ട്.

(സി) 1997-98 മുതൽ നൽകിയ തുകയിൽ 842.56 കോടി രൂപ 31-3-2003 വരെ ചെലവഴിക്കാതെ ശേഷിച്ചിരുന്നു.

(ഡി) തുകയൊന്നും തിരികെ ഈടാക്കിയിട്ടില്ല.

(ഇ) 9-7-2003-ലെ സർക്കാർ ഉത്തരവ് ജി.ഒ.(പി) നമ്പർ 381/03/ഫിൻ. പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നടത്തിപ്പിനുവേണ്ടി ഉണ്ടായിരുന്ന പി. ഡി. അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് സെക്രട്ടറിയുടെ പേരിൽ മാത്രം പുതിയ പി. ഡി. അക്കൗണ്ട് തുടങ്ങാനാണ് നിർദ്ദേശം. പദ്ധതി ചെലവിലേക്ക് ആവശ്യമായി വരുന്ന തുക പുതിയതായി തുടങ്ങുന്ന പി.ഡി. അക്കൗണ്ടിൽ നിന്ന് ആവശ്യാനുസരണം പിൻവലിക്കാവുന്നതാണ്.

പദ്ധതി വിഹിതം തിരിച്ച് എടുക്കുന്ന നടപടി

97 [5242] ശ്രീ. പി. നാരായണൻ:

,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ പദ്ധതി വിഹിതം തിരിച്ച് എടുക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുപ്രകാരം എത്ര കോടി രൂപ തിരികെ ലഭിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ വർഷത്തെ പദ്ധതി വിഹിതത്തിൽനിന്നും കഴിഞ്ഞ വർഷത്തെ പദ്ധതികൾക്ക് ചെലവാക്കുവാൻ നിർദ്ദേശമുണ്ടോ?

ഉത്തരം

(എ) പദ്ധതിവിഹിതം തിരിച്ചെടുക്കുന്നതിന് വേണ്ടി ഉത്തരവുകളൊന്നും സർക്കാർ പുറപ്പെടുവിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly